DESPATCHED
On. 05/03/2020

6/02/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **CP 383(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.9579/SIC-Gen5/2016**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.എസ്. സജിമോൻ,
പുത്തൻ പറമ്പിൽ,
കുടവെച്ചൂർ പി.ഒ., വൈക്കം,
കൈപ്പുഴമുട്ട്, കോട്ടയം - 686 144.
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
തിരുവിതാംകൂർ ദേവസ്വം ബോർഡ്,
തിരുനക്കര, കോട്ടയം.
2. അപ്പീൽ അധികാരി
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
തിരുവിതാംകൂർ ദേവസ്വം ബോർഡ്,
തിരുനക്കര, കോട്ടയം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.5.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.6.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.6.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 4.7.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.7.2016 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 3.8.3016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.8.2016, 24.12.2019,23.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 5.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല.<br>ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.എസ്. സജിമോൻ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകാത്തതിനാൽ

രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനു ശേഷമാണ് ഒന്നാം എതിർകക്ഷിയിൽ നിന്നും അവ്യക്തമായ മറുപടി ലഭിച്ചതെന്നും അപ്പീൽ അധികാരി ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് നൽകിയ പ്രകാരം ടിയാൻ ഹാജരായി എങ്കിലും അപ്പീൽ അധികാരി ഉണ്ടായിരുന്നില്ലെന്നും പിന്നീട് ഒരു വിവരവും ടിയാനെ അറിയിച്ചിട്ടില്ലെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ എതിർകക്ഷി ഓഫീസിൽ ചെന്ന് ഫയലുകൾ പരിശോധിച്ച് ആവശ്യമുള്ള വിവരങ്ങൾ എടുക്കുവാനും ക്രോഡീകരിച്ച വിവരങ്ങൾ ഇല്ലെന്നുമാണ് അറിയിച്ചത് എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട മൊത്തം ഫയലുകളുടെ പകർപ്പ് ടിയാന് ലഭ്യമാക്കാൻ ഉത്തരവാകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 1.1.2015 മുതൽ 1.5.2016 വരെയുള്ള എതിർകക്ഷി ഓഫീസിലെ ഡെസ്പാച്ച് രജിസ്റ്ററിന്റെ കോപ്പിയും വൈക്കം ഗ്രൂപ്പിലെ കീഴൂർ ഭഗവതി, കീഴൂർ ശാസ്താ, മങ്ങാട്ടുകാവ്, വടയാർ ഇളങ്കാവ്, കുട്ടുമ്മേൽ, ഉദയനാപുരം തുടങ്ങിയ ക്ഷേത്രങ്ങളിലും കോളേജുകളിലും 1.1.2015 മുതൽ 1.5.02016 വരെ എത്ര രൂപയുടെ പൊതുമരാമത്ത് വർക്ക് നടന്നു എന്നും ആയതിന് തുക എത്ര എന്നും, ചെയ്ത വർക്കുകളുടെ പേര് നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭിച്ചില്ലെന്നു പ്രസ്താവിച്ചാണ് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചത്. ഒന്നാം എതിർകക്ഷി 4.6.2016 തീയതി രേഖപ്പെടുത്തി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി മതിയായ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ക്ഷേത്രങ്ങളിലേയും കോളേജുകളിലേയും മരാമത്ത് പണി വിവരങ്ങൾ വിവിധ ഫയലുകളിൽ ആണെന്നും ആയത് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ആയതിനാൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് വിവരങ്ങൾ കൈപ്പറ്റാവുന്നതാണെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിനാലാണ് ഹർജിക്കാരനോട് എതിർകക്ഷി ഓഫീസിൽ ഹാജരായി വിവരങ്ങൾ ശേഖരിക്കുവാൻ നിർദ്ദേശിച്ചതെന്നും അപ്പീൽ ഹിയറിംഗ് തീരുമാനിച്ച ദിവസം അടിയന്തിരമായി ബഹു: ഹൈക്കോടതിയിൽ ഹാജരാകേണ്ടി വന്നതിനാലാണ് മേൽപ്പടി ദിവസം ഹിയറിംഗ് നടത്താൻ കഴിയാതിരുന്നത് എന്നും പിന്നീട് 2.9.2016 തീയതി ഹിയറിംഗിനുള്ള സമയം അനുവദിച്ചിരുന്നുവെങ്കിലും ഹർജിക്കാരൻ ഹാജരായിരുന്നില്ല എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാനും ആവശ്യമുള്ള പകർപ്പുകൾ കൈപ്പറ്റാനുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക എന്നത് എതിർകക്ഷി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ബോധ്യമായതിനാലാണ് ഒന്നാം എതിർകക്ഷി മേൽ പ്രസ്താവിച്ച പ്രകാരമുള്ള മറുപടി ഹർജിക്കാരന് നൽകിയിരുന്നത് എന്നു കാണുന്നു. ആയതിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. എന്നാൽ രണ്ടാം എതിർകക്ഷി ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk